തൊഴിൽ നിയമഭേദഗതി

*8 [347] ശ്രീ. എം. കുമാരൻ:

,, കെ. പി. രാജേന്ദ്രൻ:

,, പി. നാരായണൻ:

,, എൻ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ നിയമങ്ങൾ കാലോചിതമായി ഭേദഗതി ചെയ്യാൻ ഒരു വിദഗ്ദ്ധ സമിതിയെ നിയോഗിക്കുമെന്ന് ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ ഇതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്നറിയിക്കാമോ;

(ബി) സ്ഥാപനങ്ങൾ അടച്ചുപൂട്ടിയതിന്റെ ഫലമായി തൊഴിൽ നഷ്ടപ്പെടുന്നവർക്ക് പുനരധിവാസ പദ്ധതി നടപ്പിലാക്കാൻവേണ്ടി നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) ട്രേഡ് യൂണിയൻ അംഗീകാരം സംബന്ധിച്ച് നിയമനിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഈ വിഷയത്തിൻമേൽ ഗവൺമെന്റ് ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ):

(എ) ഉണ്ട്. തൊഴിൽ നിയമങ്ങൾ കാലോചിതമായി പരിഷ്ക്കരിക്കുന്നതിനു വേണ്ടി ഒരു കമ്മീഷനെ നിയമിക്കുന്ന കാര്യം സജീവ പരിഗണനയിലാണ്.

(ബി) സ്ഥാപനങ്ങൾ അടച്ചുപൂട്ടിയതിന്റെ ഫലമായി തൊഴിൽ നഷ്ടപ്പെട്ടവർക്ക് ആശ്വാസധനമെന്ന നിലയിൽ ഓണക്കാലങ്ങളിൽ 1,000 രൂപ വീതവും കയർ, കശുവണ്ടി സ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് 200 രൂപ വീതവും എക്സ്ഗ്രേഷ്യാ ഫെസ്റ്റിവൽ അലവൻസ് നൽകിവരുന്നുണ്ട്. ഇതിനു പുറമെ പ്രതിസന്ധി നേരിടുന്ന വ്യവസായ സ്ഥാപനങ്ങളിലെയും തോട്ടങ്ങളിലെയും തൊഴിലാളികൾക്ക് ആശ്വാസം പകരുന്നതിനുവേണ്ടി നടപ്പു സാമ്പത്തിക വർഷം ഒരു പുനരധിവാസനിധി/പദ്ധതി രൂപീകരിക്കുന്നതിന് 2 കോടി രൂപ ബജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ഇത് നടപ്പാക്കുന്നതിന് വേണ്ടിയുള്ള ഒരു പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. അത് സർക്കാർ പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

(സി) ഉണ്ട്. കേരള റികഗ്നീഷൻ ഓഫ് ട്രേഡ് യൂണിയൻസ് ബിൽ എന്ന പേരിൽ ഒരു നിയമനിർമ്മാണം നടത്തുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly